(സി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള, കേരള സ്റ്റേറ്റ് വിത്ത് വികസന അതോറിറ്റി, കൃഷി വകപ്പ് ഫാമുകൾ, വിദ്യാഭ്യാസ വകപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, മീഡിയകൾ എന്നിവരെ സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷിഭവൻ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

നീരയെ പ്രോത്സാഹിപ്പിക്കാൻ നടപടി

146 (4181) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) നീര ഉല്പന്നങ്ങൾക്ക് വിദേശ വിപണി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2013-14 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതിനൽകുകയും പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. 2015-16-ബഡ്ജറ്റിൽ നീര ഉൾപ്പെടെയുള്ള മൂല്യവർദ്ധന പദ്ധതികൾക്കായി 255 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കേരള കാർഷിക സർവ്വകലാശാലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന 'കേരാമൃതം' എന്ന നീര പടന്നക്കാട് കാർഷിക കോളേജിലെയും നീലേശ്വരം ഗവേഷണ കേന്ദ്രത്തിലെയും സെയിൽസ് കൗണ്ടർവഴിയും നാളികേര വികസന കോർപ്പറേഷന്റെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള നാളികേര വികസന കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു.

നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22-6-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വയനാട് ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി

147 (4183) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് ഹെക്ടർ ഒന്നിന് 12,000 രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly